കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XII. പ്രത്യേക പരാമർശം

ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.യ്ക്ക് നേരെയുണ്ടായ ആക്രമണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഈ സഭയിൽ അംഗമായ കൊടുങ്ങല്ലൂർ എം.എൽ.എ., ശ്രീ. ടി. എൻ. പ്രതാപൻ ഇപ്പോൾ കൊടുങ്ങല്ലൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. അദ്ദേഹം ചികിത്സയിൽ കഴിയാനിടയായ സാഹചര്യം പറയാം; ഇന്നലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിലുള്ള പുത്തൻചിറ സ്പിന്നിംഗ് മില്ലിന്റെ ഉദ്ഘാടനം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കൂടി പങ്കെടുത്ത ചടങ്ങാണ്. അതിനുശേഷം അദ്ദേഹത്തിന്റെ വണ്ടിയിൽ നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പുറപ്പെട്ട സമയത്ത് അവിടെ കൂടിയിരുന്ന എൽ.ഡി.എഫ്.-ന്റെയും സി.പി.ഐ.(എം)-ന്റെയും പ്രവർത്തകർ ഉൾപ്പെടെയുള്ള കുറച്ച് ആളുകൾ അദ്ദേഹത്തിന്റെ കാർ തകർക്കുകയും ശ്രീ. ടി. എൻ. പ്രതാപനെ ആക്രമിക്കുകയും ചെയ്തിരിക്കുകയാണ്. അക്രമത്തിൽ പരിക്കേറ്റ ശ്രീ. ടി. എൻ. പ്രതാപനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ചികിത്സയിൽ കഴിയുന്ന സന്ദർഭത്തിലും അദ്ദേഹം നിരാഹാര സത്യാഗ്രഹത്തിൽ ഇരിക്കുകയാണ്. ആ പ്രദേശത്ത് ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ ഇന്നലെ രാത്രി മുതൽ ഉപവാസം ആരംഭിച്ചിരിക്കുകയാണ്. ഇന്ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ഹർത്താൽ ആചരിച്ചുകൊണ്ട് ജനങ്ങൾ മുഴുവൻ ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധിക്കുകയാണ്. ഒരു സഭാംഗം സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ ആക്രമത്തിന് ഇരയാകുന്നത് അത്യന്തം ഖേദകരമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാടിന് ഒട്ടും ഭൂഷണമല്ല. കുറ്റവാളികളെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു സഭാംഗത്തിനുണ്ടായ വിഷമം ചീഫ് വിപ്പ് എന്ന നിലയിൽ ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ ദൗർഭാഗ്യകരമായ സംഭവമാണ് ഇന്നലെ ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറയിലും ഉണ്ടായത്. സ്വാഭാവികമായും ഒരു രാഷ്ട്രീയപാർട്ടി പ്രതിഷേധം രേഖപ്പെടുത്തുന്നതിൽ യാതൊരു തെറ്റുമില്ല. ജനാധിപത്യത്തിൽ പ്രതിഷേധം അതിന്റെ ഭാഗമാണ്. ഇന്നലെ മുഖ്യമന്ത്രിക്കുനേരെ നടന്നത് വളരെ ഹീനമായ ഒരുതരം ബലപ്രയോഗം തന്നെയായിരുന്നു. പോലീസ് വളരെ സംയമനം പാലിച്ചതുകൊണ്ടാണ് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരുന്നത്. കൊടുങ്ങല്ലൂരിലെ പുത്തൻചിറയിൽ ഇന്നലെ ബഹുമാനപ്പെട്ട ഈ സഭയിലെ അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ പരിപാടി കഴിഞ്ഞ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പോയി കഴിഞ്ഞതിനുശേഷം സ്വന്തം കാറിൽ മടങ്ങുന്ന സമയത്താണ് അദ്ദേഹത്തെ തടഞ്ഞുനിർത്തി കാറിൽനിന്ന് വലിച്ചിടാൻ ശ്രമിക്കുകയും അദ്ദേഹത്തിന്റെ വാഹനം ഒരുകൂട്ടം ആളുകൾ അടിച്ചുതകർക്കുകയും ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ കൈയ്ക്ക് പരിക്കേറ്റിട്ടുണ്ട്. ഇന്നലെതന്നെ ഞാൻ അദ്ദേഹവുമായി സംസാരിച്ചിരുന്നു. അവിടെ ഇന്ന് യു.ഡി.എഫ്. പ്രവർത്തകർ ഹർത്താലാചരിക്കുകയാണ്. മാത്രമല്ല ആ സംഭവത്തിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും കടുത്ത പ്രതിഷേധമാണുള്ളത്. ഇതിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ നടപടികൾ പോലീസ് സ്വീകരിച്ചുവരികയാണ്. അറിയാവുന്ന പ്രതികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. മറ്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. ഒരു ജനപ്രതിനിധിക്കുനേരെ ഇന്നലെയുണ്ടായ കയ്യേറ്റവും വാഹനം തകർത്ത നടപടിയും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അംഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനായ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഉന്നയിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തോടെ എടുക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രതികളെ പോലീസ് കസ്റ്റഡിയിൽ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ, ഉപവാസ സമരം അവസാനിപ്പിക്കണമെന്നാണ് എനിക്ക് സഭയിലൂടെ അഭ്യർത്ഥിക്കാനുള്ളത്. പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകുമെന്ന് അറിയിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

XIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

അംഗപരിമിതരുടെ സെൻസസ് റിപ്പോർട്ട്

മി. സ്പീക്കർ: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, അങ്ങ് ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതിന് നാളത്തേയ്ക്ക് അനുവാദം ചോദിച്ചിരുന്നു. അത് ഇന്ന് അങ്ങേയ്ക്ക് നടത്താവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ലോകത്താകമാനമുള്ള അംഗപരിമിതരുടെ സ്ഥിതി പരിശോധിച്ചാൽ അവർ സാമൂഹികമായി മാത്രമല്ല ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ മേഖലകളിലും മറ്റുള്ളവരെക്കാൾ പിന്നോക്കമാണെന്ന് കാണാം. ഇത് പ്രധാനമായും അവർ നേരിടുന്ന പല രീതിയിലുള്ള തടസ്സങ്ങൾ, പരിമിതികൾ എന്നിവ മൂലമാണ്. കേരളത്തിലെ ഭിന്നശേഷിയുള്ളവരെ സംബന്ധിച്ചും ഈ വസ്തുതകൾ യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മുഴുവൻ ഭിന്നശേഷിയുള്ള വ്യക്തികളുടെയും സ്ഥിതിവിവരക്കണക്ക് 2016-ലെ അംഗപരിമിതരുടെ സെൻസസിലൂടെ ശേഖരിച്ചിരിക്കുകയാണ്. ഇന്ത്യയിലാദ്യമായാണ് അംഗപരിമിതരുടെ സെൻസസ് ഉണ്ടാകുന്നത്. അക്കാര്യത്തിൽ സംസ്ഥാനത്തിന് അഭിമാനിക്കാം. അതിന് സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട്, ഈ സെൻസസ് റിപ്പോർട്ട് വരുന്ന ദിവസങ്ങളിൽ മെമ്പർമാരുടെ കയ്യിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇവരുടെ ഓരോ വിഷയത്തിലും തീരുമാനമെടുക്കാൻ നമുക്ക് സഹായകമാകും. 23 ഇനം അംഗപരിമിതരാണുള്ളത്. ഈ 23 ഇനത്തിന്റെയും കാറ്റഗറി തിരിച്ചുള്ള സെൻസസ് റിപ്പോർട്ടാണ് എടുത്തിട്ടുള്ളത്. ഇങ്ങനെയൊരു സെൻസസ് കൊണ്ടുവരാൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മറ്റുള്ള സഹ മന്ത്രിമാരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ മുന്നിൽ കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന ഈ സെൻസസ് റിപ്പോർട്ട് സമർപ്പിക്കുന്നുവെന്ന് ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിനോടും നന്ദി പ്രകാശിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly